**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2708** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023, പാസാക്കിയിട്ടുണ്ട്. ഇതിലൂടെ സഹകരണ മേഖലയിലെ പ്രവർത്തന സുതാര്യതയാണ് ലക്ഷ്യമിട്ടുന്നത്.<br><br>i) സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി **www.camis.kerala.gov.in** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>ii) സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം അംഗീകരിച്ച് നടപ്പിലാക്കിവരുന്നു.<br><br>iii) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി |

പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

iv) സഹകരണ മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി ആതുര ശുശ്രൂഷ, ഉപഭോക്തൃ മേഖല, വിദ്യാഭ്യാസം പ്രത്യേകിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസം, കാർഷിക മേഖല, വനിത, പട്ടികജാതി/ പട്ടിക വർഗ്ഗ വികസനം തുടങ്ങിയ മേഖലകളിൽ സഹകരണ സ്ഥാപനങ്ങളിലൂടെ ഇടപെടുന്നതിനായി 134.42 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

v) സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി സഹകരണ നയം രൂപീകരിക്കുകയും, സംസ്ഥാനത്തെ ഹ്രസ്വകാല സഹകരണ വായ്പാ സമ്പ്രദായത്തെ ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിക്കുകയുമുണ്ടായി. ഇതിന്റെ ഭാഗമായി ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചിട്ടുണ്ട്.

ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ പുനസംഘടിപ്പിക്കുക, ഇത്തരത്തിലുള്ള സംയോജനത്തിലൂടെ സാങ്കേതികവിദ്യ, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞു.

എല്ലാത്തരം ബാങ്കിംഗ് പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താൻ പ്രാപ്തിയുള്ള റിസർവ്വ് ബാങ്ക് അനുമതിയുള്ള ബാങ്കായി കേരള ബാങ്കിന് ഉയരാൻ കഴിഞ്ഞു. കൂടാതെ മികച്ച സാങ്കേതിക സൗകര്യങ്ങളും മാനുഷികമൂല്യങ്ങളും സമന്വയിപ്പിച്ച് സഹകരണ ജനാധിപത്യത്തിലൂന്നിയ വലിയ ഒരു ബാങ്ക് യാഥാർത്ഥ്യമാകുകയും ചെയ്തു.

കേരള ബാങ്കിന്റെ ഏകീകൃതവും ഏറ്റവും നൂതനവുമായ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നു. ഇതോടെ കേരള ബാങ്കിന്റെ ശാഖകളിൽ വാണിജ്യ ബാങ്കുകളിലെപ്പോലെ UPI സേവനങ്ങൾ, ATM, IMPS, Bill Payment, AADHAR Enabled Payment System, RTGS, NEFT, CTS, NACH, ECS, PFMS, PBT, Micro ATM മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്.

vi) യുവജനങ്ങളുടെ സ്വാശ്രയത്വവും, സാമൂഹിക, സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കിക്കൊണ്ടും യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ സഹായിക്കാനായി ജില്ലാതലത്തിൽ പ്രവർത്തന പരിധിയായി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

vii) കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഈനാട് യുവജന സഹകരണ സംഘം കെ 123 "ശുചിത്വം സഹകരണം" എന്ന പേരിൽ സംസ്ഥാന തല പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശുചിത്വമിഷന്റെ സർവ്വീസ് പ്രൊവൈഡറാകുന്ന ആദ്യ സഹകരണ സംഘമാണ് ഇത്.

viii) ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ സ്വാശ്രയത്വവും, സാമൂഹിക, സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട് ട്രാൻസ്ജന്റേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്.

ix) കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃദ്ധിയും, വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഷോപ്പ് & കൊമേഴസ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം (കേരള സ്റ്റേറ്റ് ഷോപ്കോസ് ഫെഡ്) എന്ന പേരിൽ ഒരു സഹകരണ സംഘവും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

X) കേരളത്തിലെ ഐ.ടി & സയൻസ് ആൻഡ് ടെക്നോളജി പ്രൊഫെഷനലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫെഷണൽ കോപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4515 രൂപീകരിച്ചിട്ടുണ്ട്. ഐ.ടി പ്രൊഫഷണലുകൾക്ക് വേണ്ടിയുള്ള സാധാരണ ബാങ്കിങ് ഇടപാടുകൾക്ക് പുറമെ, ഐ.ടി ജീവനക്കാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ, റീസ്കിൽ അപ്പ്സ്കിൽ ട്രെയിനിങ്ങുകൾ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്കു വേണ്ടിയുള്ള ഇൻഡസ്ട്രി ട്രെയിനിങ് പ്രോഗ്രാമുകൾ, സോഫ്റ്റ്‌വെയർ ഡെവെലപ്മെന്റ്, വിവിധ സോഫ്റ്റ്‌വെയർ സർവീസസ് എന്നിവ നടപ്പിലാക്കുകയാണ് പ്രധാന പ്രവർത്തനോദ്ദേശ്യങ്ങൾ.

Xi) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന ഡിഫറൻഷ്യലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി രൂപീകരിച്ചിട്ടുണ്ട്.

Xii) കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512, വയനാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനതലത്തിൽ തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക ദേശീയ അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേയ്ക്കായി പരിസ്ഥിതി സൗഹാർദ്ദപരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സ്റ്റേഡിയങ്ങൾ, കുളങ്ങൾ എന്നിവ പാട്ടത്തിനും, പുതുതായി നിർമ്മിച്ച് ഏറ്റെടുത്ത് കുട്ടികൾക്ക് കായിക പരിശീലനം നൽകുക, സ്കൂളുകൾ, കോളേജുകൾ പ്രാദേശിക അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തി കായികാഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലിപ്പിക്കുക, കായിക വിനോദങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം, സ്പോർട്ട്സ് സ്കൂളുകളും കോളേജുകളും ആരംഭിക്കുക, സ്പോർട്ട്സ്/അത്‌ലറ്റിക്സ് മത്സരങ്ങൾ ഏറ്റെടുത്ത് നടത്തുക, ആയുഷ് വകുപ്പുമായി സഹകരിക്കുക, യോഗ ക്ലാസ്സുകൾ ആരംഭിക്കുക, പ്രകൃതി ചികിത്സ, ആയുർവേദ ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ടി സംഘത്തിന്റെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങളാണ്.

Xiii) കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co.operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്.

xiv) സംസ്ഥാനത്തെ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ പങ്കാളിത്തം സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം വെച്ച് ഒരു ജില്ലയിൽ ഒന്നു വീതം, 14 പട്ടികജാതി

പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനും സാമ്പത്തിക സ്വയം പര്യാപ്തതയ്ക്കുമായി പുനർജനി പദ്ധതി 2022-23 വർഷം മുതൽ നടപ്പിലാക്കി വരുന്നു.

XV) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ മേഖലയിൽ യുവവനിതകളെ മുന്നോട്ട് കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെ കോട്ടയം ജില്ലയിൽ കോട്ടയം താലൂക്ക് യുവജന വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ K1244, കണ്ണൂർ ജില്ലയിൽ കണ്ണൂർ ജില്ല യുവവനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2162, തൃശ്ശൂർ ജില്ലയിൽ കൊരട്ടി യുവവനിത സഹകരണ സംഘം ക്ലിപ്തം നമ്പർ R 1566 എന്നീ മൂന്നു യുവവനിത സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്.

xvi) "കുടുംബത്തിന് ഒരു കരുതൽധനം" എന്ന പദ്ധതിയിലൂടെ പ്രകൃതി ദുരന്തങ്ങളുടെ/മഹാമാരിയുടെ, മറ്റ് അടിയന്തര സാഹചര്യങ്ങളിൽ വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങൾക്ക് ഇത്തരം അടിയന്തര സാഹചര്യങ്ങളെ അതിജീവിക്കാൻ ഒരു പ്രത്യേക നിക്ഷേപം പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

xvii) സഹകരണ മേഖലയുടെ പുരോഗതിക്കു വേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരോ ആയവരും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/-രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്ന സഹകാരി സാന്ത്വനം പദ്ധതി നടപ്പിലാക്കി വരുന്നു.

xviii) കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും നിലനിൽപ്പും വർദ്ധിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാ പ്രയോഗത്തിനും കൃഷിയിലെ

കൂട്ടായ പരിശ്രമങ്ങൾക്കും ഊന്നൽ നൽകി കൊണ്ട് 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സങ്കേതിക വിദ്യാധിഷ്ടിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)). കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനത്തിലും, സംഭരണത്തിലും, വിപണനത്തിലുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നത് മുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവർത്തികളേയും ടി പദ്ധതിയിലൂടെ പരിപോഷിപ്പിക്കുന്നുണ്ട്.

കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണം പ്രധാന പ്രവർത്തനോദ്ദേശമായി 4505 നമ്പർ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയുമാണ് ടി സംഘത്തിന്റെ പ്രധാന ലക്ഷ്യം. അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി സംഘം റൈസ് മില്ല് സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. 18 മാസങ്ങൾകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

xix) സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്കരിച്ച "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി നടപ്പാക്കിവരുന്നു. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ അംഗീകാരമുള്ള **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നൽകിയിട്ടുണ്ട്.

xx) പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തനസാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങൾ നേടുകയും ചെയ്യുന്നതിനായി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സഹകരണ മേഖലയിൽ സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനും അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കുന്നതിനുമായി രൂപം നൽകിയ നിയമ ഭേദഗതികൾ പ്രാബല്യത്തിലായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള സഹകരണ സംഘം (ഭേദഗതി) നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സമഗ്ര സഹകരണ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ആഗോളവത്കരണവും സാമ്പത്തിക പരിഷ്കാരങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ ഇന്ത്യയിലെ ഇതര സംസ്ഥനങ്ങളെല്ലാം പലതരത്തിൽ അനുഭവിക്കുമ്പോഴും കേരളം വലിയ ഒരളവ് വരെ ഇവയെ അതിജീവിക്കുന്നത് ഇവിടുത്തെ നയസമീപനങ്ങളും വിപുലമായ സഹകരണ മേഖലയും കാരണമാണ്. ആ നിലയ്ക്ക്, ഒറ്റനോട്ടത്തിൽ തന്നെ ആഗോളവൽക്കരണത്തിനും സാമ്പത്തിക പരിഷ്കാരങ്ങൾക്കും ഉള്ള ഫലപ്രദമായ ബദലാണ് സഹകരണ മേഖല. കേരളത്തെ മികച്ച നിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിലും അടിസ്ഥാന വികസന മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന സമഗ്ര സഹകരണ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.<br><br>**<u>മാന്യതയുള്ള തൊഴിൽ - സാമ്പത്തിക വളർച്ചയ്ക്ക് വഴിയൊരുക്കുന്ന കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.</u>**<br><br>കോർപ്പറേറ്റുകളുടെ നിലവാരത്തിൽ സഹകരണ മേഖലയ്ക്ക് മികവോടെ പ്രവർത്തിക്കുവാൻ കഴിയും എന്നതിന്റെ സാക്ഷ്യമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം. നിർമ്മാണ രംഗത്ത് ദേശീയപാതയുടെയും മറ്റും കരാറുകൾ വരെ എറ്റെടുക്കാൻ പ്രാപ്തിയുള്ള സംസ്ഥാനത്തെ ഏക കരാർ സ്ഥാപനമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം. ഈ സ്ഥാപനം 20,000-ൽ പരം തൊഴിൽ സൃഷ്ടിക്കുവാൻ പറ്റുന്ന നിലയിലേയ്ക്കും വൈവിധ്യവത്കരണത്തിലേയ്ക്കും വളർന്നു നിൽക്കുന്നു. നിർമ്മാണ സർവ്വീസ് മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. |

**ആശുപത്രി സഹകരണ സംഘം**

ആരോഗ്യ പരിരക്ഷാരംഗത്ത് സഹകരണ മേഖല സ്തുത്യർഹമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിലാണ് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രി സംഘങ്ങൾ കേരളത്തിൽ സജീവമായത്. ആതുര സേവനരംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ. ചെറുതും വലുതുമായ 75ൽ അധികം സഹകരണ ആശുപത്രികൾ കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ നൽകി വരുന്നു. ആശുപത്രി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആശുപത്രികളുടെ ആഭിമുഖ്യത്തിൽ നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സഹകരണ ആശുപത്രികളുടെ അപ്പക്സ് സ്ഥാപനമായ കേരള സഹകരണ ആശുപത്രി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ വൈറോളജി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതാണ്. സഹകരണ ആശുപത്രികൾ വഴി നടത്തിവരുന്ന പാലിയേറ്റീവ് കെയർ പദ്ധതി മുഖേന വാർദ്ധക്യത്തെയും ആരോഗ്യത്തെയും അഭിമുഖീകരിക്കുന്ന വർക്കും ആരും ആശ്രയം ഇല്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്നു. ആയത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

കോപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (CAPE) കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ കിംബ് (KIMB) എന്ന സ്ഥാപനത്തെ നൈപുണ്യ വികസന കേന്ദ്രമായി (Skill And Knowledge Development Centre) പുനർക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. കേപ്പിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**യുവജന സഹകരണ സംഘങ്ങൾ**

സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവജനങ്ങളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുകയുണ്ടായി. ഐ.ടി മേഖല, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീതം, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീട്ടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, കാർഷിക വിഭവങ്ങളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രികൾച്ചറൽ സപ്ലൈ ആൻഡ് മാർക്കറ്റിംഗ്, ജൈവ-അജൈവ മാലിന്യശേഖരണവും സംസ്കരണവും ഇവയുടെ റീസൈക്ലിംഗ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസ്, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**<u>മാലിന്യ സംസ്കരണം</u>**

കോട്ടയം ജില്ലയിലെ വെളിയന്നൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന സഹകരണ സംഘമായ ഈനാട് യുവജന സഹകരണ സംഘം കെ 1233 "**ശുചിത്വം സഹകരണം**" എന്ന പേരിൽ സംസ്ഥാനതല പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**<u>വിനോദസഞ്ചാര മേഖല</u>**

സഹകരണ മേഖലയിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് ആരംഭിച്ച പ്രാഥമിക സംഘങ്ങളുടെ ഫെഡറേഷനാണ് ടൂർഫെഡ്. ഫെഡറേഷന്റെ പ്രവർത്തനം നവീകരിച്ച് കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടപ്പാക്കിവരുന്നു.

**<u>വനിതാ സംഘങ്ങളുടെ നവീകരണം</u>**

വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലീകരിച്ച് വൈവിധ്യമാർന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് വനിതാ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഉൽപ്പാദന യൂണിറ്റുകൾ വ്യവസായ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതാണ്.

**<u>വ്യവസായ വികസന പാർക്കുകൾ</u>**

സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വ്യവസായ വികസന പാർക്കുകൾ

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതാണ്.<br><br>**പട്ടികജാതി, പട്ടികവർഗ്ഗ സംഘങ്ങൾ**<br><br>പട്ടികജാതി, പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന പുനർജനി പദ്ധതി കാര്യക്ഷമവും സുതാര്യതയും ഉറപ്പാക്കി നടപ്പാക്കുന്നതാണ്.<br><br>**പ്രാഥമിക സഹകരണ സംഘങ്ങളുടെ ആധുനിക വത്കരണം**<br><br>പ്രാഥമിക സഹകരണ സംഘങ്ങളുടെ കോമൺ സോഫ്റ്റ് വെയർ നടപ്പാക്കി സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതാണ്.<br><br>**നൈപുണ്യ വായ്പാ പദ്ധതി, സഹായഹസ്തം പദ്ധതി, സ്നേഹതീരം പദ്ധതി എന്നിവ വിപുലീകരിക്കുന്നതാണ്.**<br><br>**അക്ഷരസാഹിത്യ മ്യൂസിയം പദ്ധതി ഉടൻ പ്രാവർത്തികമാക്കുന്നതാണ്.**<br><br>സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി കൂടുതൽ വായ്പ അനുവദിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഉൽപാദന യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ